"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. സോണി ജോസിന് പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധി അനുവദിച്ച്കൊണ്ടും ഹാജരില്ലായ്മ കാലയളവ് മുൻകാല സർവീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.220/2023/F&WLD    തീയതി,തിരുവനന്തപുരം, 05-06-2023.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 13.05.2020, 30.01.2022,14.12.2022, 19.05.2023 തീയതികളിലെ ഇ7-6055/2019 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറിയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി നിയമിതനായ ശ്രീ. സോണി ജോസ് ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ MSW കോഴ്സ് പൂർ ത്തീകരിക്കുന്നതിനായി 15.06.2006 മുതൽ 30.04.2007 വരെ പഠനാവശ്യത്തിനായി സമർപ്പിച്ച അവധി അപേക്ഷയും, 1.05.2007 മുതൽ 26.12.2008 വരെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷയും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 29.03.2006 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ.സോണി ജോസ് 15.06.2006 മുതലാണ് പഠനാവശ്യത്തിനായി അവധിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നതിനാൽ കെ.എസ്.ആർ ഭാഗം I , അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതനാവധി ക്കാണ് അർഹതയുള്ളത്. കൂടാതെ കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-B, ചട്ടം (ii) പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപായി ടി ചട്ടപ്രകാരമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരന് അവധി കാലയളവിന് ശേഷം പ്രവേശന ഗ്രേഡിൽ തിരികെ സർവ്വീസിൽ പ്രവേശിക്കാമെന്ന അവകാശം മാത്രമാണ് സംരക്ഷിക്കപ്പെടുന്നത്. കൂടാതെ, പഠനാവശ്യത്തിനായി കെ.എസ്.ആർ ഭാഗം I, അനുബന്ധം XII-B പ്രകാരം അവധി അനുവദിക്കുന്നത് മുഴുവൻ കോഴ്സ് കാലയളവും ഉൾപ്പെടുന്ന രീതിയിലാണ്. പ്രസ്തുത അവധിയോട് ചേർത്ത് മറ്റ് അവധികളൊന്നും അനുവദിക്കാൻ വ്യവസ്ഥയില്ല. സർക്കാരിന്റെ നിർദേശ പ്രകാരം 15.06.2006 മുതൽ 10.06.2007 വരെയുള്ള കാലയളവിലേയ്ക്ക് ചട്ടപ്രകാരമുള്ള അവധി അപേക്ഷ പരാമർശം (1) ലെ 19.05.2023 തീയതിയിലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.സോണി ജോസിന്

പഠനാവശ്യത്തിനായി 15.06.2006 മുതൽ 10.06.2007 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചുകൊണ്ടും, 11.06.2007 മുതൽ 28.12.2008 വരെയുള്ള ഹാജരില്ലായ്മ കാലയളവ് ടിയാൻ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മുൻകാല സർവീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

ശ്രീ.സോണി ജോസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. ( 27.03.2023 ലെ 2031574/അഗ്രി-എ1/69/2022-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 05-06-2023 14:46:57
സെക്ഷൻ ഓഫീസർ.